വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കാൻ വകയിരുത്തിയ തുക

8 [1685] ഡോക്ടർ തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനം എത്ര മെഗാവാട്ട് ആയിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ വർഷവും എത്ര മെഗാവാട്ട് വൈദ്യുതി അധികം ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിരുന്നുവെന്നും അതിനായി ഓരോ വർഷവും എന്തു തുക വകയിരുത്തിയെന്നും വ്യക്തമാക്കാമോ;

(സി) ലക്ഷ്യമിട്ടതിൽ എത്ര മെഗാവാട്ട് ഓരോ വർഷവും ഉൽപ്പാദിപ്പിച്ചുവെന്നും അതിനായി എന്തു തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ഡി) 2004-05 മുതൽ അടുത്ത അഞ്ച് വർഷം കൊണ്ട് എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കേണ്ടതുണ്ടെന്നും അതിനായി ഉദ്ദേശം എന്തു തുക വേണ്ടിവരുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ)

പദ്ധതികൾ	സ്ഥാപിതശേഷി (എം.ഡബ്ല്യു)
ജലവൈദ്യുതി	1804.5
താപ വൈദ്യുതി	771.18
കാറ്റ്	2.03
	2577.71

(ബി) 2001-2002

കൂത്തുങ്കൽ — 21 എം. ഡബ്ല്യു.
മലമ്പുഴ — 2.5 „
ബി.എസ്.ഇ.എസ്. — 157 „

2002-2003

വഴിക്കടവ് ഡൈവർഷൻ — 24 എം. യു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

2003-2004

ഉറുമി I & II	—	6.15 എം. ഡബ്ല്യു.
ചെമ്പുകടവ് I & II	—	6.45 ,,
മലങ്കര	—	10.50 ,,
വടക്കേപ്പുഴ ഡൈവർഷൻ	—	12.00 എം. യു.
കുറ്റ്യാടി റ്റെയിൽ റേസ്	—	3.75 എം. ഡബ്ല്യു.

2001-2002, 2002-2003, 2003-2004 എന്നീ വർഷങ്ങളിൽ വൈദ്യുതി ഉൽപ്പാദനത്തിനായി ബോർഡിന്റെ ബഡ്ജറ്റിൽ മൂലധന ചെലവിനത്തിൽ വകയിരുത്തിയിരുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

വർഷം	മൂലധനചെലവ് (രൂപ കോടിയിൽ)
2001-02	88.23
2002-03	59.21
2003-04	78.09

(സി) 2001-2002

കൂത്തുങ്കൽ	—	21 എം. ഡബ്ല്യു.
മലമ്പുഴ	—	2.5 ,,
ബി.എസ്.ഇ.എസ്.	—	157 ,,

2002-2003

വഴിക്കടവ് ഡൈവർഷൻ— 24 എം. യു.

2003-2004 (12/03 വരെ)

ചെമ്പുകടവ് I & II	—	6.45 എം. ഡബ്ല്യു.
ഉറുമി I & II	—	6.15 ,,

വൈദ്യുതി ഉൽപ്പാദനത്തിനായി 2001-2002, 2002-2003, 2003-2004 എന്നീ വർഷങ്ങളിൽ ചെലവായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	മൂലധനചെലവ് (രൂപ കോടിയിൽ)
2001-02 (താൽക്കാലിക കണക്ക്)	51.29
2002-03 ,,	40.14
2003-04 ,, (31-12-2003 വരെ)	24.54

(ഡി) താഴെപ്പറയുന്ന പ്രകാരം അധിക വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

2004-2005

1.	കുറ്റ്യാടി-ഓഗ്മെന്റേഷൻ	—	223 എം. യു.
2.	ലോവർ മീൻമുട്ടി	—	3.5 എം. ഡബ്ല്യു.

2005-2006

1.	കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ	—	100 എം. ഡബ്ല്യു.
2.	നേരിയമംഗലം	—	25 ,,
3.	പള്ളിവാസൽ	—	60 ,,

2006-2007

1.	അതിരപ്പിള്ളി	—	163 എം. ഡബ്ല്യു
2.	ബാരാപ്പോൾ	—	16 ,,
3.	കാരിക്കയം	—	15 ,,
4.	കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ	—	100 ,,
5.	ഉള്ളുങ്കൽ	—	7 ,,

2007-2008

1.	ചെളിക്കല്ലാർ	—	15 എം. ഡബ്ല്യു
2.	മാങ്കുളം	—	40 ,,
3.	പൂവാരംതോട്	—	2 ,,
4.	പൂഴിത്തോട്	—	3.5 ,,
5.	ചെങ്കുളം റ്റെയിൽ റേസ്	—	5 ,,
6.	തോട്ടിയാർ	—	70 ,,

LIBRARY ARCHIVES Kerala Legislative Assembly

2008-2009

1.	ദേവികുളം	—	2.8 എം. ഡബ്ല്യു
2.	ഇറ്റിയാനി	—	2.5 ,,
3.	തേവർമുടി	—	4.5 ,,
4.	ചിറ്റൂർ അപ്പർ	—	6.0 ,,
5.	ചെമ്പുക്കടവ് III	—	7.5 ,,

2009-2010

1.	അച്ചൻകോവിൽ	—	30 എം. ഡബ്ല്യു
2.	കൈതക്കൊല്ലി	—	8 ,,

പദ്ധതികളുടെ തുക പൂർണ്ണമായി തിട്ടപ്പെടുത്തിയിട്ടില്ല.

ഹൈഡൽ ടൂറിസം

9 [1687] ശ്രീ. എഴുകോൺ നാരായണൻ:
,, വി. ബാലറാം:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, എ. പി. അനിൽ കുമാർ:
,, കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ ഏതെല്ലാം ഡാമുകളിൽ ഹൈഡൽ ടൂറിസം ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) മറ്റ് ഡാമുകളിലും ഹൈഡൽ ടൂറിസം ഏർപ്പെടുത്താത്തത് എന്തു കൊണ്ടാണ്;

(സി) ഹൈഡൽ ടൂറിസത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) ട്രെക്കിംഗ്, മൗണ്ടനീയറിംഗ്, ആംഗിളിങ് എന്നിവ കൂടി ഈ ടൂറിസത്തിന്റെ ഭാഗമായി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly